പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3373 | 24/06/13-ൽ മറുപടിക്ക്

**<u>മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, പാലോട് രവി : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) ഉണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. ഇതിനായി 160 കോടി രൂപ ധനസഹായമായി പ്രഖ്യാപിപ്പിട്ടുണ്ട്. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകികൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെയും ഫിഷർമെൻ കോളിനികളുടേയും നിർമ്മാണത്തിനും നവീകരണത്തിനുമായി നീക്കി വച്ചിരിക്കുന്നു. കൂടാതെ സാനിട്ടേഷൻ, കുടിവെള്ളം, വൈദ്യുതീകരണം, സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളുടെ വികസനത്തിനായി 25 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. |
| (ബി) ഇതിന്റ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് |

| | |
|---|---|
| | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽപ്പെടുത്തി ഭവന നിർമ്മാണത്തിനും, സാനിട്ടേഷനുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. |
| (സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | (സി) 4973 വീടുകളുടെ നിർമ്മാണത്തിന് 110 കോടി രൂപയും ഫിഷർമെൻ കോളനികളുടെ പുനരുദ്ധാരണത്തിന് 10.90 കോടി രൂപയും, 14.18 കോടി രൂപ ഉപയോഗിച്ച് കുടിവെള്ളം, സാമൂഹിക അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങിയ മേഖലയുടെ നവീകരണത്തിനായി നീക്കിവച്ചിരിക്കുന്നു |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) 2011-12, 2012-13 വർഷങ്ങളിലായി മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 99.21 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കും, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ